## മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 309

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

DR. JOSEPH MAR THOMA METROPOLITAN · LIGHTED TO LIGHTEN · MALANKARA MAR THOMA SYRIAN CHURCH

കർത്താവിൽ വാത്സല്യമുള്ളവരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിമാനമായ അഭിവന്ദ്യ പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി 2018 ഏപ്രിൽ 27 –ാം തീയതി നൂറ്റിയൊന്നാം വയസ്സിലേക്കു പ്രവേശിക്കുകയാണ്. തിരുമേനിയെ നമ്മുടെ സഭയ്ക്കു നൽകിയ ദൈവത്തെ സ്തുതിക്കാം. തിരുമേനിയുടെ ജീവിതധന്യതയ്ക്കായി ദൈവത്തിനു സ്തോത്രം കരേറ്റാം. ഈ അവസരത്തിൽ അഭിവന്ദ്യ പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടേയും ക്രൈസ്തവ സഭകളുടേയും പൊതു സമൂഹത്തിന്റെയും വലിയ മെത്രാപ്പോലീത്തായായി ആദരിക്കപ്പെടുന്ന വേളയിൽ രാഷ്ട്രം പത്മഭൂഷൺ നൽകി ആദരിച്ചതിലൂടെ രാഷ്ട്രം തിരിച്ചറിയുന്ന, രാഷ്ട്രത്തിന്റെ തന്നെ വലിയ തിരുമേനിയായി മാറിക്കഴിഞ്ഞിരിക്കുന്നതോർത്ത് നമുക്കു ദൈവത്തിനു സ്തോത്രം കരേറ്റാം. പ്രസ്തുത ബഹുമതി മാർച്ച് 20–ാം തീയതി തിരുമേനി ഇന്ത്യയുടെ പ്രഥമ പൗരനിൽ നിന്നും ഡൽഹിയിൽ എത്തി ഏറ്റുവാങ്ങി.

തിരുമേനിയുടെ അനുഗ്രഹകരമായ ജീവിതത്തിനായും പ്രസ്തുത ബഹുമതിയിലൂടെ, തിരുമേനിയിലൂടെ ദൈവം സഭയ്ക്കും സമൂഹത്തിനും നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾക്കായും ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നതിനായി 2018 ഏപ്രിൽ 27–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 മണിക്ക് സ്തോത്ര ശുശ്രൂഷയും വിശുദ്ധകുർബ്ബാനയും കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

നമ്മുടെ പൗരോഹിത്യത്തിന്റെ 60–ാം വാർഷികവും കൊണ്ടാടുന്നതിന് സഭാ കൗൺസിൽ തീരുമാനിച്ചിരിക്കുന്നു. സഭാ കൗൺസിൽ തീരുമാനപ്രകാരം ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്കും, മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കും ആശംസകൾ നേരുന്നതിനായി ഒരു സംയുക്ത അനുമോദന സമ്മേളനം 2018 ഏപ്രിൽ മാസം 30–ാം തീയതി തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 3.00–ന് തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ ബഹുമാന്യനായ ഉപരാഷ്ട്രപതി ശ്രീ. എം വെങ്കയ്യ നായിഡു മുഖ്യ അതിഥി ആയിരിക്കുന്നതാണ്. രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യനും സഹോദരീ സഭകളിലെ തിരുമേനിമാരും മറ്റ് വിശിഷ്ട നേതാക്കളും പങ്കെടുക്കുന്നതാണ്.

2018 ഏപ്രിൽ 27–ന് രാവിലെ 8.30–ന് കോഴഞ്ചേരിയിൽ വച്ച് നടത്തപ്പെടുന്ന വിശുദ്ധ കുർബ്ബാനയിലും 30–ാം തീയതി ഉച്ചകഴിഞ്ഞ് 3.00–ന് തിരുവല്ലായിൽ വച്ച് നടത്തപ്പെടുന്ന പൊതു സമ്മേളനത്തിന്റെയും എല്ലാ ശുശ്രൂഷകളും അനുഗ്രഹകരമായി നടത്തപ്പെടുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്. എല്ലാ പട്ടക്കാരുടേയും ഇടവകാംഗങ്ങളുടേയും സാന്നിധ്യം ഈ ശുശ്രൂഷയിലേക്കും സമ്മേളനത്തിലേക്കും ക്ഷണിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

2018 ഏപ്രിൽ മാസം 17–ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

J mmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ